## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2786 27.01.2014 -ലെ മറുപടിക്ക്

### ആർ.എസ്.ബി.വൈ ഇൻഷ്വറൻസ് പോളിസി

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ്: | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എസ്.ബി.വൈ-യിൽ അംഗങ്ങളായ എ.പി.എൽ വിഭാഗക്കാരുടെ ഇൻഷ്വറൻസ് പോളിസി പുതുക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | എ) എ.പി.എൽ വിഭാഗത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ചികിത്സാ കാർഡ് എടുത്തവർക്ക് കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന തീയതികൾക്കുള്ളിൽ പ്രീമിയം തുകയടച്ച് പോളിസി പുതുക്കാവുന്നതാണ്. ഇതിനായി സ്മാർട്ട് കാർഡുമായി പഞ്ചായത്ത് തലത്തിൽ സജ്ജീകരിച്ചിട്ടുള്ള എൻറോൾമെന്റ് സെന്ററുകളെ സമീപിച്ചാൽ മാത്രം മതിയാകും. |
| (ബി) ആർ.എസ്.ബി.വൈ-യുടെ ഇൻഷ്വറൻസ് ചുമതല ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് നടത്തിവന്നിരുന്നത് ; ഇതിന്റെ പ്രീമിയം അടയ്ക്കുന്നത് എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ; | ബി) RSBY പദ്ധതി 2008 ജൂൺ മുതൽ 2013 മാർച്ച് 31 വരെ കേരളത്തിൽ നടപ്പിലാക്കിയിരുന്നത് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയായിരുന്നു. ആദ്യ വർഷങ്ങളെ അപേക്ഷിച്ച് പദ്ധതി പ്രയോജനപ്പെടുത്തുന്ന ഗുണഭോക്താക്കളുടെ വർദ്ധനവും ഉയർന്ന സമ്പത്തിക ബാദ്ധ്യതയും പ്രീമിയം തുക ഉയരുന്നതിന് കാരണമായി. 2008-10, 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിൽ പ്രതി കുടുംബം പ്രീമിയം തുക യഥാക്രമം 506/-,464/-,748/-,1100/- രൂപാ എന്നിങ്ങനെയായിരുന്നു. 2013-മുതൽ 2016 വരെയുള്ള വർഷത്തേക്കുള്ള ടെൻഡറിൽ 738/-രൂപ പ്രതി കുടുംബ നിരക്കിൽ പ്രീമിയം കോട്ട് ചെയ്ത റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയെ പദ്ധതി നടത്തിപ്പിനുള്ള ഇൻഷ്വറൻസ് പങ്കാളിയായി തിരഞ്ഞെടുത്തു. |

| | |
|---|---|
| (സി) എ.പി.എൽ വിഭാഗത്തിന്റെ പ്രീമിയം ഇപ്പോൾ പുതുക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | സി) ഇല്ല. എ.പി.എൽ വിഭാഗത്തിൽ സ്മാർട്ട് കാർഡുള്ള എല്ലാവർക്കും പ്രീമിയം തുകയടച്ച് പോളിസി പുതുക്കാവുന്നതാണ്. നിലവിൽ എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെ പുതുതായി പദ്ധതിയിൽ ചേർക്കുന്നില്ല. പോളിസി പുതുക്കാതെ ലാപ്സായി പോയവർക്കും ഇനി പുതുക്കാൻ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ